ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:** 04.11.2024 **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ഈ മാസം 20 ലേക്ക് മാറ്റി തിരഞ്ഞെടുപ്പ് കമ്മീഷൻ. കൽപ്പാത്തി രഥോത്സവം കണക്കിലെടുത്താണ് തീരുമാനം.

   The Election Commission has announced the change of date of by-elections in 14 assembly constituencies including Palakkad constituency of Kerala. The polling will be held on 20th of this month instead of 13th November.

2) ഝാർഖണ്ഡിലും, മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. മഹാരാഷ്ട്രയിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു.

   Political parties intensified campaign for Jharkhand and Maharashtra Assembly elections. Today is last date for withdrawal of candidature for Maharashtra Assembly polls.

3) കാനഡയിലെ ബ്രാംപ്ടണിൽ ക്ഷേത്രത്തിന് നേർക്കുണ്ടായ വിഘടനവാദി ആക്രമണത്തെ അപലപിച്ച് ഇന്ത്യ.

   India has condemned the acts of violence perpetrated by extremists and separatists at the Hindu Sabha Temple in Brampton, Ontario in Canada yesterday.

4) കേരള സ്കൂൾ കായിക മേളയ്ക്ക് എറണാകുളത്ത് തിരി തെളിഞ്ഞു.

**Kerala's first Olympic model school sports meet started today in Ernakulam**

5) **സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

**IMD predicts heavy rainfall in various districts of Kerala. Orange alert issued for Thiruvananthapuram**

6) **യുഎസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് നാളെ.**

**The United States will vote for its 47th President tomorrow. Republican nominee and former President Donald Trump and Democratic candidate and Vice President Kamala Harris are locked in a tough fight for the top post.**

**&&&&&&&&&&&&&&&&&&**

## PALAKKAD ELECTION

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ഈ മാസം 20 ലേക്ക് മാറ്റി തിരഞ്ഞെടുപ്പ് കമ്മീഷൻ. കല്പാത്തി രഥോത്സവം കണക്കിലെടുത്താണ് ഈ മാസം 13 ന് നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് 20-ലേക്ക് മാറ്റിയത്. തീയതി മാറ്റണമെന്ന് വിവിധ രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പ് കമ്മീഷനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. തീയതി മാറ്റിയതിൽ തിരഞ്ഞെടുപ്പ് കമ്മീഷനും, രാഷ്ട്രീയ പാർട്ടികൾക്കും കൽപാത്തി സംയുക്ത രഥോത്സവ കമ്മറ്റി നന്ദി രേഖപ്പെടുത്തി. അതേസമയം സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര നിയമസഭാ മണ്ഡലത്തിലും

പ്രചാരണം ഊർജ്ജിതമാണ്. 13 നാണ് രണ്ടിടത്തും വോട്ടെടുപ്പ്. മൂന്ന് മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ ഈ മാസം 23 നാണ്.

പാലക്കാട് മണ്ഡലം ഉൾപ്പെടെ പഞ്ചാബിലെയും, ഉത്തർപ്രദേശിലെയും 14 നിയമസഭാ മണ്ഡലങ്ങളിലെ ഉപതിരഞ്ഞെടുപ്പ് തീയതിയിലാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മാറ്റം വരുത്തിയത് .

&&&&&&&&&&&&&&&&&&

## JHARKHAND CAMPAIGN

ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിലേക്കായുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ചായ്ബാസയിലും ഗർഹ്വയിലും തെരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്യും. അതേസമയം സംസ്ഥാന നേതാക്കളെയും പ്രവർത്തകരെയും അണിനിരത്തി ശക്തമായ പ്രചാരണമാണ് കോൺഗ്രസ് നടത്തുന്നത്. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## MH Election

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. ഈ മാസം 20 നാണ് സംസ്ഥാനത്തെ 288 മണ്ഡലങ്ങളിൽ ഒറ്റഘട്ടമായി വോട്ടെടുപ്പ്. ബിജെപി-ശിവസേന-എൻസിപി എന്നീ പാർട്ടികളുടെ മഹായുതി സഖ്യവും, കോൺഗ്രസും, ശിവസേന-ഉദ്ധവ് താക്കറേ വിഭാഗവും, എൻസിപി-ശരത് പവാർ വിഭാഗവും ഉൾപ്പെടുന്ന മഹാ വികാസ് അഘാഡിയും തമ്മിലാണ് മഹാരാഷ്ട്രയിൽ മത്സരം. മുൻനിര നേതാക്കൾ സംസ്ഥാനത്ത് പ്രചാരണ രംഗത്ത് സജീവമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 8 മുതൽ സംസ്ഥാനത്തെ 11 ഇടത്ത് തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മറ്റന്നാൾ മുംബൈയിലും, നാഗ്പൂരിലും പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**CANADA-DISRUPTION**

കാനഡയിലെ ബ്രാംപ്ടണിൽ ഹിന്ദു സഭാ ക്ഷേത്രത്തിന് നേർക്കുണ്ടായ വിഘടനവാദി ആക്രമണത്തെ അപലപിച്ച് ഇന്ത്യ. കാനഡയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയിലും വിദേശകാര്യ മന്ത്രാലയം ആശങ്ക പ്രകടിപ്പിച്ചു. ആരാധനാലയങ്ങൾ ഇത്തരം ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതായി ഉറപ്പുവരുത്തണമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ കനേഡിയൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

അക്രമത്തിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നാണ് ഇന്ത്യ പ്രതീക്ഷിക്കുന്നത്. ഇന്ത്യൻ കോൺസുലർ ഓഫീസർമാരുടെ പ്രവർത്തനങ്ങളെ ഭീഷണികൊണ്ടോ അക്രമം കൊണ്ടോ തടയാനാവില്ലെന്നും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി. ഒട്ടാവയിലെ ഇന്ത്യൻ ഹൈക്കമ്മീഷനും വിഷയത്തിൽ ആശങ്ക രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

**KERALA SCHOOL SPORTS MEET-INTRO**

കേരള സ്കൂൾ കായിക മേളയ്ക്ക് എറണാകുളത്ത് തിരി തെളിഞ്ഞു. ഒളിമ്പിക്സ് മാതൃകയിലുള്ള മേളയുടെ ഉദ്ഘാടനം മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു . വിദ്യാഭ്യാസ മന്ത്രിയും, ഒളിമ്പ്യൻ പി ആർ ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിച്ചതോടെയാണ് മേളയ്ക്ക് തുടക്കമായത്. സാംസ്കാരിക പരിപാടിയുടെ ഉദ്ഘാടനം ചലച്ചിത്രതാരം മമ്മൂട്ടി നിർവഹിച്ചു . കായിക താരങ്ങൾക്ക് ആശംസകൾ നേർന്ന ശ്രീ മമ്മൂട്ടി കായിക കലാ രംഗങ്ങളിൽ കഴിവ് തെളിയിക്കാൻ ലഭിക്കുന്ന ഓരോ അവസരവും എല്ലാവരും കൃത്യമായി ഉപയോഗപ്പെടുത്തണമെന്നും പറഞ്ഞു.

(വോയിസ് മമ്മൂട്ടി )

ഒളിമ്പിക്സ് എന്ന സ്വപ്നത്തിലേക്കുള്ള ആദ്യപടിയാണ് സ്കൂൾ കായിക മേളയെന്ന് മേളയുടെ ബ്രാൻഡ് അംബാസിഡറും ഒളിമ്പിക് മെഡൽ ജേതാവുമായ പി ആർ ശ്രീജേഷ് ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**DELHI-POLLUTION**

ഡൽഹിയിൽ വായു ഗുണനിലവാരം അപകടാവസ്ഥയിൽ തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡിന്റെ റിപ്പോർട്ട് അനുസരിച്ച് ഗുണനിലവാരസൂചികയിൽ ഇന്ന് 377 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരത്തിന്റെ ചില ഭാഗങ്ങളിൽ മലിനീകരണ തോത് 400 കടന്ന് ഗുരുതര നിലയിലെത്തിയതായും റിപ്പോർട്ടുണ്ട്. അതേസമയം ദീപാവലി ആഘോഷങ്ങളിൽ പടക്കങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം കർശനമായി പാലിക്കാത്തതിൽ ഡൽഹി സർക്കാരിൽ നിന്നും സുപ്രീംകോടതി വിശദീകരണം തേടി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സത്യവാങ്മൂലം സമർപ്പിക്കാൻ കോടതി സർക്കാരിനോടും പോലീസിനോടും നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&

**PRESIDENT- AVIATION WOMEN MEET**

ഇന്ത്യയുടെ വ്യോമയാനരംഗത്തെ വിവിധ മേഖലകളിൽ വനിതകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഈ രംഗത്തെ സ്ത്രീകളുടെ മുന്നേറ്റത്തിന് കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ ഊർജം പകരുന്നതായും രാഷ്ട്രപതി പറഞ്ഞു. വ്യോമയാനരംഗത്ത് പ്രവർത്തിക്കുന്ന വനിതകളുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു ശ്രീമതി മുർമു. രാജ്യത്ത് കഴിഞ്ഞ വർഷം വാണിജ്യ ലൈസൻസ് ലഭിച്ച പൈലറ്റുമാരിൽ 18 ശതമാനവും സ്ത്രീകളാണെന്നും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MIG CRASH

ഇന്ത്യൻ വ്യോമസേനയുടെ മിഗ്-29 വിമാനം ആഗ്രയ്ക്ക് സമീപം തകർന്നുവീണു. ആളപായം ഇല്ല . പതിവ് പരിശീലനത്തിനിടെയാണ് അപകടമുണ്ടായത്. അപകട കാരണം കണ്ടെത്താൻ വ്യോമസേന അന്വേഷണത്തിന് ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&

## UTTARAKHAND ACCIDENT

ഉത്തരാഖണ്ഡിലെ അൽമോഡ ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം 36 ആയി. 19 പേർക്കാണ് അപടത്തിൽ പരിക്കേറ്റത്. പൗരിയിൽ നിന്ന് 55 യാത്രക്കാരുമായി രാംനഗറിലേക്ക് പോവുകയായിരുന്ന ബസ് ഇന്ന് പുലർച്ചെയാണ് 200 അടി

താഴ്ചയിലേക്ക് മറിഞ്ഞത്. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ സംഭവത്തിൽ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയും പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപാ വീതവും സംസ്ഥാന സർക്കാർ ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

**KERALA SUPER LEAGUE-INTRO**

സൂപ്പർ ലീഗ് കേരളയുടെ ഫൈനലിലേക്ക് യോഗ്യത നേടുന്ന ആദ്യ ടീമിനെ നാളെ അറിയാം. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കുന്ന സെമിയിൽ തിരുവനന്തപുരം കൊമ്പൻസാണ് കാലിക്കറ്റ് എഫ്സിയുടെ എതിരാളികൾ.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു........

(വോയിസ്)

&&&&&&&&&&&&&&&&&&&

## US ELECTION

47-ാമത് അമേരിക്കൻ പ്രസിഡൻറ് തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് നാളെ നടക്കും. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപും ഡെമോക്രാറ്റിക് നേതാവ് കമലാ ഹാരിസും തമ്മിലാണ് മത്സരം. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. അരിസോണ, നെവാഡ, വിസ്കോൺസിൻ, മിഷിഗൺ, പെൻസിൽവാനിയ, നോർത്ത് കരോലിന, ജോർജിയ എന്നീ ഏഴ് സംസ്ഥാനങ്ങളിലെ വോട്ടുകളായിരിക്കും മത്സര ഫലം തീരുമാനിക്കുക. ഏഴുകോടിയിലേറെ വോട്ടർമാർ ഇതിനകം മുൻകൂറായി വോട്ട് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## INDONESIA VOLCANO

ഇന്തോനേഷ്യയിൽ, അഗ്നിപർവ്വത സ്ഫോടനത്തിൽ പത്തോളം മരണം . കിഴക്കൻ മേഖലയിൽ ഇന്നലെ രാത്രി ഉണ്ടായ അഗ്നിപർവ്വത സ്ഫോടനത്തിൽ നിരവധി വീടുകളും കത്തി നശിച്ചു . സമീപത്തെ നിരവധി ഗ്രാമങ്ങളിൽ നിന്ന് ആളുകളെ ഒഴിപ്പിച്ചു. മേഖലയിൽ കൂടുതൽ ഭൂചലനങ്ങൾ ഉണ്ടായേക്കുമെന്ന് സർക്കാർ മുന്നറിയിപ്പ് നൽകി. ഏഴ് ഗ്രാമങ്ങളിൽ നാശം വിതച്ച അഗ്നിപർവ്വത സ്ഫോടനത്തിൽ ഭവനരഹിതരായ പതിനായിരത്തിലേറെ

ആളുകൾ  മറ്റ് ഗ്രാമങ്ങളിലേക്ക് പലായനം ചെയ്തു. രാജ്യത്ത് കഴിഞ്ഞ വർഷം ഉണ്ടായ അഗ്നിപർവത സ്ഫോടനത്തിൽ 20-ലധികം പേർ കൊല്ലപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&&&

**STOCK CLOSE**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 942 പോയിൻ്റ് താഴ്ന്ന് 78,782 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 309 പോയിൻ്റ് നഷ്ടത്തിൽ 23,995 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

**SPECIAL TRAINS**

ഉത്സവ സീസണിലെ തിരക്ക് കണക്കിലെടുത്ത് ഇന്ന് ഡൽഹിയിൽ നിന്ന് രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിലേക്ക് 25 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നു.

വാരാണസി, അയോധ്യ, ലഖ്നൗ, പട്ന, ഇൻഡോർ, തിരുവനന്തപുരം എന്നിവിടങ്ങളിലേക്കുള്ള പ്രത്യേക ട്രെയിനുകൾ ഉൾപ്പടെയാണിത്. ഈ മാസം 2 മുതൽ 8 വരെ 145 അധിക സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്ന് റെയിൽവേ അറിയിച്ചു. പ്രതിദിനം രണ്ട് ലക്ഷം പേരാണ് ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നത്.

&&&&&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി, ചെന്നൈയിൻ എഫ്.സി യെ നേരിടും. ജംഷഡ്പൂരിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&